REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 10-07-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ DGP മാരുടെ യോഗം തിരുവനന്തപുരത്ത് തുടങ്ങി.**
- **കോറോ ഹെൽത്ത് കമ്പനിയിലെ കൂട്ടപിരിച്ചുവിടലുമായി ബന്ധപ്പെട്ട പ്രശ്നപരിഹാരത്തിന് കൊച്ചിയിൽ മന്ത്രിതല ചർച്ച.**
- **വയനാട് കള്ളാടി മണ്ണിടിച്ചിൽ അപകട സ്ഥലത്ത് നിന്ന് ഒരു മൃതദേഹം കൂടി കണ്ടെത്തി.**
- **സംസ്ഥാനത്ത് വിള ഇൻഷുറൻസ് റജിസ്ട്രേഷന് തുടക്കമായി.**
- **ഇന്ന് ദേശീയ മത്സ്യകർഷക ദിനം.**
- **ഫിഫ ലോകകപ്പ് ഫുട്ബോൾ രണ്ടാം ക്വാർട്ടർ ഫൈനൽ രാത്രി 12.30ന് - സ്പെയിൻ, ബെൽജിയത്തെ നേരിടും.**

## വാർത്തകൾ വിശദമായി

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി തിരുവനന്തപുരം പൊലീസ് ആസ്ഥാനത്ത് മന്ത്രി രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ DGP മാരുടെ യോഗം ആരംഭിച്ചു. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഡി.ജി.പിമാരാണ് യോഗത്തിൽ പങ്കെടുക്കുന്നത്.

തിരുവനന്തപുരത്ത് നിന്ന് രെജു കൊലിയക്കോട്...

..........വോയ്സ്.........

അയൽസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് ഒഴുകുന്ന ലഹരിമരുന്നിന്റെ ഉറവിടങ്ങൾ കണ്ടെത്തി തകർക്കുക എന്ന ലക്ഷ്യത്തോടെയാണ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ അടിയന്തര സംയുക്ത യോഗം ഇന്ന് വിളിച്ചു ചേർത്തത്.

കേരളത്തിലേക്ക് എത്തുന്ന രാസലഹരികളുടെയും ഹെറോയിന്റെയും സപ്ലൈ ചെയിൻ നിലനിൽക്കുന്നത് അയൽസംസ്ഥാനങ്ങളിലെ മെട്രോ നഗരങ്ങളിലും അതിർത്തി ഗ്രാമങ്ങളിലുമാണ്. താഴേത്തട്ടിലുള്ള പോലീസ് നടപടികൾക്കൊപ്പം മാക്രോ ലെവലിലുള്ള അന്തർസംസ്ഥാന സുരക്ഷാ ഏകോപനത്തിനും ആഭ്യന്തര വകുപ്പ് മുൻഗണന നൽകുന്നുണ്ട്.

ലഹരി മാഫിയയുടെ പ്രാദേശിക പ്രതിരോധത്തിനൊപ്പം അയൽസംസ്ഥാനങ്ങളുമായി ചേർന്നുള്ള സംയുക്ത പ്രതിരോധ ശൃംഖല എന്ന ഘട്ടത്തിലേക്ക് ഓപ്പറേഷൻ തൂഫാൻ കടക്കുന്നു എന്നതാണ് ഇന്നത്തെ യോഗത്തിന്റെ പ്രത്യേകത. അയൽസംസ്ഥാനങ്ങളുമായി തത്സമയ വിവര കൈമാറ്റ സംവിധാനമാണ് കേരളം ഇതിലൂടെ ലക്ഷ്യമിടുന്നത്.

കർണാടക,തമിഴ്നാട്, പുതുച്ചേരി, ആന്ധ്ര, തെലങ്കാന എന്നീ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെ കൂടി ഒരു കേന്ദ്രീകൃത ശൃംഖലയിലേക്ക് കൊണ്ടുവരുന്നതിലൂടെ ലഹരി കടത്തിന്റെ സാമ്പത്തിക സ്രോതസ്സുകളെയും ഇടപാടുകളെയും കൃത്യമായി മാപ്പ് ചെയ്യാൻ കേരളാ പൊലീസിന് സാധിക്കും.

അതിർത്തി ചെക്ക്പോസ്റ്റുകളിലെ പരിശോധനകളിൽ ഒതുങ്ങാതെ അന്തർസംസ്ഥാന ട്രെയിനുകൾ, ദീർഘദൂര ബസുകൾ, സ്വകാര്യ കൊറിയർ ശൃംഖലകൾ എന്നിവ വഴിയുള്ള ലഹരി കൈമാറ്റങ്ങളെയും ഈ സംയുക്ത നീക്കം നിരീക്ഷിക്കും.

സ്മാർട്ട് പട്രോളിംഗും സൈബർ നിരീക്ഷണവും സംയുക്തമായി നടപ്പിലാക്കാനുള്ള ആലോചനകളും ഇന്നത്തെ യോഗത്തിൽ ചർച്ച ചെയ്യുന്നുണ്ട്.

✪✪✪

കോറോ ഹെൽത്ത് കമ്പനിയിലെ കൂട്ടപിരിച്ചുവിടലുമായി ബന്ധപ്പെട്ട പ്രശ്നപരിഹാരത്തിന് കൊച്ചിയിൽ മന്ത്രിതല ചർച്ച തുടങ്ങി. മന്ത്രി ബിന്ദു കൃഷ്ണയുടെ അധ്യക്ഷതയിൽ കാക്കനാട് കളക്ടറേറ്റ് കോൺഫ്രൻസ് ഹാളിൽ ആണ് യോഗം. അമേരിക്കയിലെ കമ്പനി അധികൃതർ വീഡിയോ കോൺഫറൻസ് വഴിയാണ് യോഗത്തിൽ പങ്കെടുക്കുന്നത്. കൂടാതെ ഇവരുടെ അഭിഭാഷകൻ നേരിട്ടും പങ്കെടുക്കുന്നുണ്ട്. ഉമാ തോമസ് MLA , ജില്ലാ കളക്ടർ, തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ, ട്രേഡ് യൂണിയൻ നേതാക്കൾ

തുടങ്ങിവയരാണ് യോഗത്തിൽ പങ്കെടുക്കുന്നത്. നിർണായകമായ ഈ യോഗത്തിൽ പ്രതീക്ഷ അർപ്പിച്ചിരിക്കുകയാണ് ജീവനക്കാർ.

ജൂലൈ മൂന്നിനാണ് കോറോ ഹെൽത്തിന്റെ കൊച്ചി, കോഴിക്കോട് ഓഫിസുകളിലെ 800 ഓളം പേരെ പിരിച്ചു വിട്ടതായി കമ്പനി ഉത്തരവിറക്കിയത്.

✪✪✪

വയനാട് കള്ളാടി മണ്ണിടിച്ചിൽ അപകട സ്ഥലത്ത് നിന്ന് ഒരു മൃതദേഹം കൂടി ലഭിച്ചു. മീനാക്ഷിപുഴയിലെ തിരച്ചലാണ് അല്പം മുമ്പ് മൃതദേഹം കണ്ടെത്തിയത്. ഇതോടെ ദുരന്തരത്തിൽ മരിച്ചവർ 7 ആയി. ഇനി ഒരാളെ കൂടി കണ്ടെത്താനുണ്ട്.

മന്ത്രിമാരായ എ.പി അനിൽകുമാർ, ടി. സിദ്ദീഖ് എന്നിവർ പ്രദേശത്ത് ക്യാമ്പ് ചെയ്ത് തെരച്ചിലിന് നേതൃത്വം നൽകുന്നു.

അപകട ഭീഷണിയിലുള്ള വിടുകളിൽ താമസിക്കുന്നവരെ അവർ ആഗ്രഹിക്കുന്ന രീതിയിൽ വാടക വീട്ടിലേക്ക് മാറ്റാൻ ഗവൺമെന്റ് സൗകര്യം ഒരുക്കുമെന്ന് റവന്യൂ മന്ത്രി  എ. പി. അനിൽകുമാർ അറിയിച്ചു.

✪✪✪

വയനാട്  കള്ളാടിയിലെ മണ്ണിടിച്ചിൽ അപകടത്തിന് കാരണം  അതിതീവ്ര മഴയാണെന്ന് കൊങ്കൺ റെയിൽവേ അറിയിച്ചു. 24 മണിക്കൂറിനുള്ളിൽ 240 മില്ലിമീറ്റർ മഴയാണ് പ്രദേശത്ത് രേഖപ്പെടുത്തിയതെന്നും പ്രഭവകേന്ദ്രം നിർമ്മാണ മേഖലയ്ക്ക് പുറത്താണെന്നും  കൊങ്കൺ അധികൃതർ വാർത്താകുറിപ്പിൽ അറിയിച്ചു.

തുരങ്കം നിർമ്മിക്കുന്ന ഭാഗത്തുനിന്നും 240 മീറ്റർ മാറിയാണ് ഉരുൾപൊട്ടൽ ഉണ്ടായതെന്നും തുരങ്കത്തിന് മുകളിൽ ഏതാണ്ട് 110 മീറ്റർ ഉയരത്തിൽ നിന്നാണ് വലിയ തോതിൽ മണ്ണും മരങ്ങളും ഇടിഞ്ഞുവീണത്.  മണ്ണ് നിക്ഷേപിച്ച പ്രദേശം ഇപ്പോഴും സുരക്ഷിതമാണെന്നും കൊങ്കൺ അധികൃതർ വിശദീകരിച്ചു.

✪✪✪

കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുടെ യുവജന വിഭാഗമായ യങ് ഇന്ത്യൻസ് തിരുവനന്തപുരം പഴയ നിയമസഭാ മന്ദിരത്തിൽ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന മോഡൽ പാർലമെന്റിന് തുടക്കമായി. നിയമസഭ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ  പരിപാടി ഉദ്ഘാടനം ചെയ്തു. കേരളത്തിന്റെ  ജനാധിപത്യ ചരിത്രത്തിന് സാക്ഷ്യം വഹിച്ച പൈതൃക വേദിയിൽ വിദ്യാർത്ഥികൾക്ക് പാർലമെന്ററി നടപടിക്രമങ്ങൾ നേരിട്ട്

അനുഭവിച്ചറിയുവാൻ അവസരം ഒരുക്കുക എന്നതാണ് ഇന്നും നാളെയും നടക്കുന്ന പരിപാടിയുടെ ലക്ഷ്യം. നാളെ സമാപന സമ്മേളനത്തിൽ മന്ത്രി CP ജോൺ മുഖ്യാതിഥിയാകും.

✪✪✪

കേന്ദ്ര കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് റജിസ്ട്രേഷന് സംസ്ഥാനത്ത് തുടക്കമായി. നെല്ല്, പച്ചക്കറി തുടങ്ങി 27 വിളകൾക്കാണ് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുക.

പാലക്കാട്ട് നിന്ന് ഫൈസൽ അലി മുത്ത്...

............വോയ്സ്...........
അക്ഷയകേന്ദ്രങ്ങൾ, കോമൺ സർവീസ് സെന്ററുകൾ എന്നിവ വഴിയും ഇൻഷുറൻസ് കമ്പനിയുടെ ഏജന്റുമാർ മുഖേനയും പദ്ധതിയിൽ ചേരാം. ഖാരിഫ് സീസണിൽ സം സ്ഥാനത്ത് ശരാശരി 90,000 കർഷകരാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുക.

ഈ മാസം 15 ആണ് രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി. അതേസമയം മുഴുവൻ കർഷകർക്കും രജിസ്ട്രേഷൻ പൂർത്തിയാക്കാൻ കഴിയുന്ന വിധം തിയതി നീട്ടണമെന്ന് കർഷകർ ആവശ്യപ്പെടുന്നുണ്ട്.

✪✪✪

ഇന്ന് ദേശീയ മത്സ്യകർഷക ദിനം. രാജ്യത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിലും ജനങ്ങളുടെ ഉപജീവന മാർഗ്ഗമെന്ന നിലയിലും മത്സ്യകൃഷിയുടെ പ്രാധാന്യം ബോധ്യപ്പെടുത്താനാണ് എല്ലാ വർഷവും ജൂലൈ 10 ദേശീയ മത്സ്യകർഷക ദിനമായി ആചരിക്കുന്നത്.

ദിനാചരണത്തിന്റെ ഭാഗമായി കാസർകോട് ജില്ലയിൽ ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ മുതിർന്ന മത്സ്യകർഷകരെ ആദരിച്ചു. സന്ദീപ് വര്യർ MLA ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് ഹാളിൽ ചടങ്ങ് ഉദ്ഘാടനം ചെയ്തു.

ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ കൊല്ലത്തും ദേശീയ മത്സ്യകർഷക ദിനാചരണം സംഘടിപ്പിച്ചു. ജില്ലാ പഞ്ചായത്ത് ഹാളിൽ മേയർ AK ഹഫീസ് ഉദ്ഘാടനം ചെയ്തു.

✪✪✪

രാജ്യത്തെ മികച്ച ഗോത്ര ഗവേഷണ കേന്ദ്രത്തിന് നൽകുന്ന ദേശീയ പുരസ്കാരത്തിന് കോഴിക്കോട്ട് കിർത്താഡ്സ് അർഹമായി. മൂന്ന് വർഷങ്ങളിലെ പ്രവർത്തനമികവ്, പദ്ധതികൾ, നയപര ഇടപെടലുകൾ, ഗവേഷണ-പരിശീലന പ്രവർത്തനങ്ങൾ, വികസനപഠനങ്ങൾ, ഗോത്രവർഗ

ക്ഷേമവുമായി ബന്ധപ്പെട്ട സമഗ്ര ഇടപെടലുകൾ എന്നിവ വിലയിരുത്തിയാണ് കേന്ദ്ര ഗോത്ര വർഗ മന്ത്രാലയം കിർത്താഡ്സിനെ മികച്ച ഗവേഷണ സ്ഥാപനമായി തിരഞ്ഞെടുത്തത്.

✪✪✪

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ജൂൺ 29ന് നൽകിയ നിർദ്ദേശം അനുസരിച്ച് സോളാർ ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് കഴിഞ്ഞ സാമ്പത്തിക വർഷത്തെ ശരാശരി ബിൽ പ്രതിമാസ ഉപയോഗത്തിന് ആനുപാതികമായി കണക്കാക്കുമെന്ന് KSEB അറിയിച്ചു. എന്നാൽ, സെക്യൂരിറ്റി ഡെപ്പോസിറ്റ് കണക്കാക്കുമ്പോൾ ഫിക്സഡ്ചാർജ് കണക്കാക്കാൻ പ്രതിമാസ വൈദ്യുതിയുടെ ആകെ ഉപയോഗമാണ് പരിഗണിക്കേണ്ടത് എന്ന നിർദ്ദേശവും റെഗുലേറ്ററി കമ്മീഷൻ നൽകിയിട്ടുണ്ട്.

അഡീഷണൽ ക്യാഷ് ഡെപ്പോസിറ്റ് നോട്ടീസ് ലഭിച്ച ഉപഭോക്താക്കൾക്ക് കമ്മീഷൻ നിർദ്ദേശപ്രകാരം പുതിയ നോട്ടീസ് നൽകും. തുക അടച്ചവർക്ക് തിരികെ നൽകുകയോ തുടർ ബില്ലുകളിൽ കുറവു നൽകുകയോ ചെയ്യും

നോട്ടീസ് കിട്ടിയ സോളാർ ഉപഭോക്താക്കളെ, കണക്കുകൾ പുന:പരിശോധിച്ച് പുതിയ നോട്ടീസ് ലഭിക്കും വരെ വൈദ്യുതി വിച്ഛേദിക്കുന്നതിൽ നിന്നും ഒഴിവാക്കുമെന്നും KSEB അറിയിച്ചു.

✪✪✪

ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷന്റെ കിഴിൽ ജോലിയിലുണ്ടായിരുന്ന പത്ത് സ്ഥിര ജീവനക്കാരെക്കൂടി നിർബന്ധിത പെൻഷൻ നൽകി സർവീസിൽ നിന്നും പിരിച്ച് വിട്ടു. പൊതുജന താല്പര്യത്തിന് വിരുദ്ധമായി പ്രവർത്തിച്ചെന്ന റിവ്യൂ കമ്മിറ്റി വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററുടെ നടപടി. കഴിഞ്ഞ രണ്ടാം തിയതി 47 പേരെ സമാനമായ രീതിയിൽ പിരിച്ചുവിട്ടിരുന്നു.

✪✪✪

സംസ്ഥാനത്ത് മഴ മുന്നറിയിപ്പിൽ മാറ്റം. പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

കേരള -കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് രണ്ടാം ക്വാർട്ടർ ഫൈനലിൽ സ്പെയിൻ, ബെൽജിയത്തെ നേരിടും. രാത്രി പന്ത്രണ്ടരയ്ക്ക് ലോസാഞ്ചൽസിലാണ് മത്സരം.

ഇന്നലെ ഫ്രാൻസ് മറുപടിയില്ലാത്ത രണ്ട് ഗോളുകൾക്ക് മൊറോക്കോയെ പരാജയപ്പെടുത്തി സെമിയിൽ എത്തി.

കൂടുതൽ വിവരങ്ങളുമായി സുരേഷ് എടപ്പാൾ...

..........വോയ്സ്..........

✪✪✪

ഇംഗ്ലണ്ടിൽ വനിതാ വിംബിൾഡൺ ടെന്നീസ് ടൂർണമെന്റിൽ സിംഗിൾസ് സെമിഫൈനലിൽ ചെക്ക് റിപ്പബ്ലിക്കിന്റെ ലിൻഡാ നൊക്സോവക്കു ജയം. നാളെ ഫൈനലിൽ ലിൻഡാ, ചെക്ക് റിപ്പബ്ലിക്കിന്റെ തന്നെ കരോളിനാ മുച്ചോവയെ നേരിടും.

✪✪✪

കേരള ക്രിക്കറ്റ് ലീഗിന്റെ മൂന്നാം സീസണ് മുന്നോടിയായി താരലേലത്തിന്റെ പട്ടിക ഔദ്യോഗികമായി പ്രഖ്യാപിച്ചു. പൂൾ എ, പൂൾ ബി, പൂൾ സി വിഭാഗങ്ങളിലായി 156 താരങ്ങളെയാണ് ലേലത്തിൽ ഉൾപ്പെടുത്തിയത്. നാളെ തിരുവനന്തപുരത്താണ് താരലേലം.

✪✪✪

കേരള ക്രിക്കറ്റ് ലീഗിന് മുന്നോടിയായി കേരള ക്രിക്കറ്റ് അസോസിയേഷൻ സംഘടിപ്പിക്കുന്ന 'KCL ഫാൻ ലീഗ്' ടൂർണമെന്റിന് നാളെയും മറ്റന്നാളും രാമനാട്ടുകര വേദിയാകും. 32 ടീമുകളാണ് സോഫ്റ്റ് ടെന്നീസ് ബോൾ ക്രിക്കറ്റിൽ മത്സരിക്കുന്നത്. ഇസഡ് ഇലവൻ സോക്കർ അക്കാദമിയിലാണ് മത്സരങ്ങൾ.

✪✪✪

മലയിടിച്ചിൽ ഭീഷണിയെത്തുടർന്ന് ഗതാഗതം നിരോധിച്ചിരുന്ന കൊച്ചി - ധനുഷ്കോടി ദേശീയപാതയിലെ പഴയ മൂന്നാറിൽ നിബന്ധനകളോടെ ഒറ്റവരിയായി ഗതാഗതം പുനരാരംഭിച്ചു. മൂന്നാറിൽ ചേർന്ന ഉന്നതാധികാര ടെക്നിക്കൽ കമ്മിറ്റി യോഗത്തിന്റെ തീരുമാനപ്രകാരമാണ് കലക്ടർ ഗതാഗതത്തിന് അനുമതി നൽകിയത്.

✪✪✪

കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ കെട്ടിടഭാഗം ഇടിഞ്ഞു വീണതിനെ തുടർന്ന് ട്രെയിൻ സമയങ്ങളിൽ മാറ്റം വരുത്തി. കണ്ണൂർ - കോഴിക്കോട് പാസഞ്ചർ കണ്ണൂരിൽ നിന്ന് പുറപ്പെട്ട് വെസ്റ്റ് ഹില്ലിൽ സർവീസ് അവസാനിപ്പിക്കും. കോഴിക്കോട് - കണ്ണൂർ പാസഞ്ചർ വെസ്റ്റ് ഹില്ലിൽ നിന്നാകും പുറപ്പെടുക.

✪✪✪

കോഴിക്കോട് പുതിയ ബസ് സ്റ്റാൻഡ് പരിസരത്ത് ട്രാഫിക് നിയമലംഘനങ്ങൾ തടയുന്നതിന് ട്രാഫിക് പോലീസും മോട്ടോർ വാഹന വകുപ്പും ചേർന്ന് പ്രത്യേക വാഹന പരിശോധന നടത്തി.

നിയമലംഘനങ്ങൾ കണ്ടെത്തിയ 14 സ്വകാര്യ ബസുകൾക്ക് പിഴ ചുമത്തി. ട്രാഫിക് നിയമലംഘനം നടത്തുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് അധികൃതർ അറിയിച്ചു.

✪✪✪

ISO നിലവാരം കൈവരിക്കുന്നതിൽ നൂറ് മേനി നേട്ടവുമായി കോഴിക്കോട് ജില്ലയിലെ CDS- കൾ. ജില്ലയിൽ 82 CDS-കളാണ് ഉന്നത ഗുണമേന്മ മുദ്രയായ ISO നിലവാരം കരസ്ഥമാക്കിയത്. ആദ്യഘട്ടത്തിൽ 58 CDS-കളും രണ്ടാം ഘട്ടത്തിൽ 24 CDS-കളുമാണ് സർട്ടിഫിക്കേഷൻ നേടിയത്.

✪✪✪

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി കേരള റെയിൽവേ പൊലീസിന്റെ പ്രത്യേക പരിശോധനയിൽ 14 പേർ അറസ്റ്റിലായി. 16 കേസുകൾ രജിസ്റ്റർ ചെയ്തു.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: മണികണ്ഠൻ*
*News Team: ഫർദിസ് എ വി, നിമിഷ ജി*
*DEO : സി കെ സുബോധ്*